നം. സി.ഇ.ഇ/1717/2010/കെഇഎഎം-2011/റ്റി.എ.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

**<u>വിജ്ഞാപനം</u>**

## എംബിബിഎസ് കോഴ്സ് പ്രവേശനം - 2011
## ന്യൂനപക്ഷ പദവിയുള്ള /കമ്മ്യൂണിറ്റി ക്വാട്ടയുള്ള
## സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ അലോട്ട്മെന്റ്

(G.O.(Rt)No.3096/2011/H&FWD, dated Thiruvananthapuram, 27.08.2011)

സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലേക്കുള്ള 2011 ലെ അലോട്ടുമെന്റ് നടപടികൾ ഉടനെ ആരംഭിക്കുന്നതാണ്. കേരള സർക്കാരിന്റെ ഉത്തരവുകൾ പ്രകാരം, ന്യൂനപക്ഷ പദവിയുള്ള/കമ്മ്യൂണിറ്റി ക്വാട്ടയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്ന 50% സീറ്റുകളിലെ 30% സീറ്റുകൾ, പ്രസ്തുത ന്യൂനപക്ഷ സമുദായത്തിലെ വിദ്യാർത്ഥികൾ/കോളേജ് മാനേജ്മെന്റുകൾ പ്രതിനിധാനം ചെയ്യുന്ന സമുദായത്തിലെ വിദ്യാർത്ഥികൾ എന്നിവർക്കായി സംവരണം ചെയ്തിട്ടുണ്ട്.

ന്യൂനപക്ഷ പദവി/കമ്മ്യൂണിറ്റി ക്വാട്ട ലഭ്യമായിട്ടുള്ള മെഡിക്കൽ കോളേജുകളുടേയും സംവരണത്തിന് അർഹമായ സമുദായങ്ങളുടെയും വിശദാംശങ്ങൾ ഇനി പറയുന്നു:

**MEDICAL COLLEGES :**

| Sl. No. | College code | Institution | Community | Authority to issue Certificates |
|---|---|---|---|---|
| 1 | SMC | Dr. Somervell Memorial CSI Medical College, Karakonam, Thiruvananthapuram | a) SIUC-SKD : 13 seats<br>b) SC Converted to SIUC-SKD : 2 seats | Certificate from Village Officer & Certificate from Bishop South Kerala Diocese. |
| 2 | EMC | MES Medical College, Perinthalmanna, Malappuram | Muslim | Village Officer |
| 3 | KNC | Kannur Medical College, Anjarakandy, Kannur | Muslim from Kannur District | Village Officer |
| 4 | KMM | Karuna Medical College, Vilayodi, Palakkad | Muslim from Palakkad District | Village Officer |
| 5 | KCM | KMCT Medical College, Mukkom, Kozhikode | Muslim from Kozhikode, Malappuram, Wyanad Districts | Village Officer |
| 6 | SUC | SUT Academy of Medical Sciences, Vattappara, Thiruvananthapuram | Hindu | Village Officer |
| 7 | AZC | Azeezia Institute of Medical Sciences & Research, Meeyyannoor P O, Kollam | Muslim from Thiruvananthapuram, Kollam Districts | Village Officer |
| 8 | TRM | Travancore Medical College, Mylapore, Umayanalloor P O, Kollam | Muslim from Kollam, Alappuzha, Pathanamthitta Districts | Village Officer |
| 9 | SIM | Sree Narayana Institute of Medical Sciences, Chalakka, North Kuthiyathode P O, Ernakulam | Ezhava | Village Officer |
| 10 | GMC | Sree Gokulam Medical College & Research Foundation, Venjaramoodu, Thiruvananthapuram | Ezhava | Village Officer |
| 11 | MMH | Malabar Medical College Hospital & Research Centre, Modakkallur P O, Atholi Via, Kozhikode | Ezhava from Kozhikode District | Village Officer |

ഈ സീറ്റുകളിലേക്ക് അപേക്ഷിക്കാൻ താത്പര്യമുള്ള വിദ്യാർത്ഥികൾ താഴെപറയുന്ന സർട്ടിഫിക്കറ്റുകൾ സമർപ്പിക്കേണ്ടതാണ്.

(1) **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമായ പ്രൊഫോർമ (**Proforma for Submission of Candidate Details**) പൂരിപ്പിച്ച് സ്വയം സാക്ഷ്യപ്പെടുത്തിയത്.

(2) **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമായ പ്രൊഫോർമയിൽ കമ്മ്യൂണിറ്റി/ജാതി സർട്ടിഫിക്കറ്റ് റവന്യൂ അധികാരികൾ സാക്ഷ്യപ്പെടുത്തിയത്.

(3) തിരുവനന്തപുരം, കാരക്കോണം, ഡോ. സോമർവെൽ മെമ്മോറിയൽ സിഎസ്ഐ മെഡിക്കൽ കോളേജിലേക്ക് (**SMC**) അപേക്ഷിക്കുന്നവർ മേൽപറഞ്ഞവയ്ക്കു പുറമേ ബിഷപ്പ്, സൗത്ത് കേരള ഡയോസിസിൽ നിന്നുമുള്ള സർട്ടിഫിക്കറ്റ്.

(4) 2011 ലെ കേരള എംബിബിഎസ് കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഈഴവ (**EZ**)/പിന്നോക്ക ഹിന്ദു (**BH**)/കുഡുംബി (**KU**)/പട്ടിക ജാതി (**SC**) വിദ്യാർത്ഥികൾ, തിരുവനന്തപുരം, വട്ടപ്പാറ, എസ്.യു.റ്റി. അക്കാഡമി ഓഫ് മെഡിക്കൽ സയൻസസിലേക്ക് (**SUC**) അപേക്ഷിച്ചാൽ 'ഹിന്ദു' ക്വാട്ടയിൽ പരിഗണിക്കുന്നതാണ്. എന്നാൽ എംബിബിഎസ് കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടാത്ത ഹിന്ദു സമുദായത്തിൽപെട്ട വിദ്യാർത്ഥികൾ ഈ ക്വാട്ടയിലേക്ക് പരിഗണിക്കുന്നതിലേക്കായി മേൽപറഞ്ഞ (1 & 2) സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്.

(5) 2011 ലെ കേരള എംബിബിഎസ് കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഈഴവ/മുസ്ലീം വിദ്യാർത്ഥികൾ, ജാതി/സമുദായ സർട്ടിഫിക്കറ്റ് വീണ്ടും സമർപ്പിക്കേണ്ടതില്ല. എന്നാൽ താഴെപ്പറയുന്ന മുസ്ലീം മൈനോറിറ്റി/ഈഴവ സംവരണമുള്ള കോളേജുകളിലെ മൈനോറിറ്റി/കമ്മ്യൂണിറ്റി ക്വാട്ടയിലേക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന മുസ്ലീം/ഈഴവ സമുദായത്തിൽപെട്ട വിദ്യാർത്ഥികൾ മേൽപറഞ്ഞ (1 & 2) സർട്ടിഫിക്കറ്റുകൾ സമർപ്പിക്കേണ്ടതാണ്. ടി സമുദായ സർട്ടിഫിക്കറ്റിൽ വിദ്യാർത്ഥിക്ക് സംവരണത്തിന് അർഹതയുള്ള ജില്ല രേഖപ്പെടുത്തേണ്ടതാണ്.

a) പാലക്കാട്, കരുണ മെഡിക്കൽ കോളേജിലേക്ക് വേണ്ടി "പാലക്കാട് ജില്ലയിലെ മുസ്ലീം സമുദായത്തിൽപ്പെട്ട" വിദ്യാർത്ഥികൾ.

b) കണ്ണൂർ മെഡിക്കൽ കോളേജിലേക്ക് വേണ്ടി "കണ്ണൂർ ജില്ലയിലെ മുസ്ലീം സമുദായത്തിൽപ്പെട്ട" വിദ്യാർത്ഥികൾ.

c) കോഴിക്കോട്, കെ.എം.സി.റ്റി. മെഡിക്കൽ കോളേജിലേക്ക് വേണ്ടി "കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ മുസ്ലീം സമുദായത്തിൽപ്പെട്ട" വിദ്യാർത്ഥികൾ.

d) കൊല്ലം, അസീസിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് & റിസർച്ചിലേക്ക് വേണ്ടി 'തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ മുസ്ലീം സമുദായത്തിൽപ്പെട്ട" വിദ്യാർത്ഥികൾ.

e) കൊല്ലം, ട്രാവൻകൂർ മെഡിക്കൽ കോളേജിലേക്ക് വേണ്ടി 'കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ മുസ്ലീം സമുദായത്തിൽപ്പെട്ട" വിദ്യാർത്ഥികൾ.

f) കോഴിക്കോട്, മലബാർ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ & റിസർച്ച് സെന്ററിലേക്കു വേണ്ടി 'കോഴിക്കോട് ജില്ലയിലെ ഈഴവ സമുദായത്തിൽപ്പെട്ട' വിദ്യാർത്ഥികൾ.

മേൽപറഞ്ഞ സർട്ടിഫിക്കറ്റുകൾ **പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം 695001** എന്ന വിലാസത്തിൽ **07.09.2011(ബുധനാഴ്ച) വൈകുന്നേരം 5 മണിക്ക് മുമ്പ്** നേരിട്ടോ സ്പീഡ് പോസ്റ്റ് മുഖേനയോ സമർപ്പിക്കേണ്ടതാണ്. ഈ ക്വാട്ടയിലേക്ക് അപേക്ഷിക്കുന്ന വിദ്യാർത്ഥികളും മറ്റു വിദ്യാർത്ഥികളെപ്പോലെ എല്ലാ കോളേജുകളിലേക്കും **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓപ്ഷനുകൾ യഥാസമയം രജിസ്റ്റർ ചെയ്യേണ്ടതാണ്.

**07.09.2011** നു വൈകുന്നേരം 5 മണിക്കുശേഷം ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. പോസ്റ്റൽ കാലതാമസത്തിന് പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കുകയില്ല.

തിരുവനന്തപുരം
31.08.2011

**പ്രവേശന പരീക്ഷാ കമ്മീഷണർ**